## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 469** **06-12-2022 - ൽ മറുപടിയ്ക്ക്**

## സംസ്ഥാനത്തിന്റെ പൊതു കടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ ലഭ്യമായ ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം കേരളത്തിന്റെ പൊതു കടവും ആളോഹരി കടവും എത്രവീതമാണ്; | (എ) | 2022-23 ഒക്ടോബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്. 2022-23 ലെ ബജറ്റ് ഇൻ ബ്രീഫ് പ്രകാരം സൂചിപ്പിട്ടുള്ള 2020-21 ലെ ജനസംഖ്യയിൽ കണക്കാക്കിയാൽ സംസ്ഥാനത്തിന്റെ 2022-23 ഒക്ടോബർ വരെയുള്ള ആളോഹരി കടം 64289.52 രൂപയാണ്.<br><br>സംസ്ഥാന സർക്കാരിനു കീഴിലുള്ള കിഫ്ബി പോലെയുള്ള പ്രത്യേക ഉദ്ദേശസ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാർ സഞ്ചിതനിധിയിൽ ഉൾപ്പെടുത്തി പൊതുകടമായി ഗണച്ചിട്ടില്ല.<br><br>അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെയും 2022-23 ഒക്ടോബർ മാസം വരെയുമുള്ള പൊതുകടയിനത്തിലെ തിരിച്ചടവ് യഥാക്രമം 35,899.99 കോടി രൂപയും 17,516.35 കോടി രൂപയുമാണ്. |
| (ബി) | 2016 - ൽ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതു കടവും ആളോഹരി കടവും എത്ര വീതം ആയിരുന്നു; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 മാർച്ച് മാസം വരെ സംസ്ഥാനത്തിന്റെ പൊതുകടം 109730.97 കോടി രൂപയും, ആളോഹരി കടം 46078.04 രൂപയുമാണ്. |
| (സി) | സംസ്ഥാനം ബഡ്ജറ്റിനുള്ളിൽ നിന്നും ബഡ്ജറ്റിന് പുറത്തുനിന്നുമായി നേരിട്ടും കിഫ്ബി പോലുള്ള സ്ഥാപനങ്ങൾ മുഖേനയും എടുത്തിട്ടുള്ള ആകെ കടങ്ങളുടെയും തിരിച്ചടവുകളുടെയും വിശദാംശം ലഭ്യമാക്കുമോ; | (സി) | 2022-23 ഒക്ടോബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 2,25,109.76 കോടി രൂപയാണ്. 2022-23 ലെ ബജറ്റ് ഇൻ ബ്രീഫ് പ്രകാരം സൂചിപ്പിട്ടുള്ള 2020-21 ലെ ജനസംഖ്യയിൽ കണക്കാക്കിയാൽ സംസ്ഥാനത്തിന്റെ 2022-23 ഒക്ടോബർ വരെയുള്ള ആളോഹരി കടം 64289.52 രൂപയാണ്.<br><br>സംസ്ഥാന സർക്കാരിനു കീഴിലുള്ള കിഫ്ബി പോലെയുള്ള പ്രത്യേക ഉദ്ദേശസ്ഥാപനങ്ങൾ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാന സർക്കാർ സഞ്ചിതനിധിയിൽ ഉൾപ്പെടുത്തി പൊതുകടമായി ഗണച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെയും 2022-23 ഒക്ടോബർ മാസം വരെയുമുള്ള പൊതുകടയിനത്തിലെ തിരിച്ചടവ് യഥാക്രമം 35,899.99 കോടി രൂപയും 17,516.35 കോടി രൂപയുമാണ്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ മാസവും എടുത്ത കടം എത്ര വീതമാണെന്നുള്ള വിശദാംശം നൽകുമോ; | (ഡി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021 മെയ് മുതൽ 2022 ഒക്ടോബർ വരെ സംസ്ഥാനം എടുത്ത പൊതുകടം (തനി)സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| Month | Public Debt (Net)<br>**(Rupees in crore)** |
|---|---:|
| May 2021 | 1296.64 |
| June 2021 | 7061.63 |
| July 2021 | 180.01 |
| August 2021 | 3766.59 |
| September 2021 | 7936.65 |
| October 2021 | 5827.31 |
| November 2021 | 138.25 |
| December 2021 | -886.20 |
| January 2022 | -1341.20 |
| February 2022 | -1336.92 |
| March 2022 | 6369.60 |
| April 2022 | -1006.97 |
| May 2022 | -907.75 |
| June 2022 | 513.43 |
| July 2022 | -331.59 |
| August 2022 | 4719.79 |
| September 2022 | 531.66 |
| October 2022 | 1616.63 |
| **TOTAL** | ***34147.56** |

*2021-22 സാമ്പത്തിക വർഷത്തിൽ തിരിച്ചടക്കേണ്ടതില്ലാത്ത വായ്പയായി ലഭിച്ച ജി.എസ്.ടി നഷ്ടപരിഹാര തുകയായ 8739.31 കോടി രൂപ ഉൾപ്പെടെയാണ് മേൽതുക.

| | | | |
|---|---|---|---|
| | | | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തികവർഷവും 2022-23 ഒക്ടോബർ വരെയും യഥാക്രമം 20292.82 കോടി (തനി), 5135.20 കോടി രൂപ (തനി) സംസ്ഥാനം കടമെടുത്തിട്ടുണ്ട്. |
| (ഇ) | ഇപ്രകാരം കടമെടുത്ത തുകയുടെ എത്ര ശതമാനം വീതമാണ് വികസന പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുള്ളതെന്നും ശേഷിക്കുന്ന തുക ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | (ഇ) | വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. ഇപ്രകാരം വായ്പയെടുക്കുന്ന തുക പ്രധാനമായും വികസന പ്രവർത്തനങ്ങൾക്കും മൂലധന ചെലവുകൾക്കുമായാണ് വിനിയോഗിക്കുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ